**Malayala Manoram**
**30 August 2018**
**Kochi; Flood**

# ‘കാലവർഷം കലാവർഷം’ ഇന്നുകൂടി



കൊച്ചി • പ്രളയബാധിതരെ സഹായിക്കാൻ കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന തൽസമയ ചിത്രരചനയും വിൽപനയും ഇന്നുകൂടി തുടരും. ഇന്നലെ അവസാനിക്കാനിരുന്ന പരിപാടിയാണ് ഇന്നേക്കു ദീർഘിപ്പിച്ചത്.

അക്കാദമിയും കേരളത്തിലെ കലാകാരന്മാരുടെ കൂട്ടായ്മയായ കലാകാറും ചേർന്നാണു ‘കാലവർഷം കലാവർഷം’ എന്ന പേരിൽ തൽസമയ ചിത്രരചനയും വിൽപനയും സംഘടിപ്പിക്കുന്നത്. ഒരു അടി, ഒന്നര അടി വലുപ്പത്തിലുള്ള ചിത്രങ്ങൾ യഥാക്രമം 1000, 1500 രൂപ വീതം വിലയ്ക്കാണു വിൽപന.

താരതമ്യേന കുറഞ്ഞ വിലയ്ക്കു ചിത്രങ്ങൾ വാങ്ങാവുന്ന അപൂർവ അവസരമാണിത്. ചിത്രങ്ങൾ വിറ്റു ലഭിക്കുന്ന തുക പൂർണ്ണമായി സർക്കാരിലേക്കു കൈമാറും.